## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4658** — **26/10/2016-ൽ മറുപടിയ്ക്ക്.**

### തീറ്റപ്പുൽ കൃഷി വികസന പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. വിൻസെന്റ്<br>ശ്രീ. റോജി. എം.ജോൺ<br>ശ്രീ. കെ.എസ് ശബരീനാഥൻ<br>ശ്രീ. വി.പി. സജീന്ദ്രൻ | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | തീറ്റപ്പുൽ കൃഷി വികസന പദ്ധതി വിപുലമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിനായി സമഗ്രതീറ്റപ്പുൽകൃഷി പദ്ധതി നടപ്പിലാക്കുന്നത് പരിഗണിച്ചു വരുന്നു.<br>മിൽമയുടെ കീഴിലുള്ള തിരുവനന്തപുരം മേഖലാ യൂണിയൻ 2016-17 വർഷം '*പുൽകൃഷി സംരംഭക പദ്ധതി*' എന്ന പേരിൽ മേഖലാ യൂണിയന്റെ നാലു ജില്ലകളിലായി ഒരു പദ്ധതി നടപ്പിലാക്കാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. താൽപര്യമുള്ള സംരംഭകരെ കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി നടത്തുകയും ഉൽപാദിപ്പിക്കുന്ന പുല്ല് ക്ഷീര സംഘങ്ങളിൽ എത്തിച്ച് കർഷകർക്ക് വില്പന നടത്താൻ ഉദ്ദേശിക്കുന്നതാണ് ടി പദ്ധതി.<br>എറണാകുളം മേഖലാ യൂണിയന്റെ 2016-17 വർഷത്തെ ബഡ്ജറ്റിൽ വാണിജ്യാടിസ്ഥാനത്തിലുള്ള തീറ്റപ്പുൽ കൃഷിയിലേയ്ക്ക് സ്വകാര്യ സംരംഭകരെ ആകർഷിക്കുന്നതിനും ഇത്തരം സംരംഭകരിൽ നിന്ന് അവർ ഉൽപാദിപ്പിക്കുന്ന പച്ചപ്പുല്ല് |

ആവശ്യക്കാരായ ക്ഷീര കർഷകർക്ക് എത്തിക്കുന്നതിനുമായി ഒരു ഫോഡർ ഗ്രിഡ് സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മലബാർ മേഖലാ യൂണിയൻ പുൽകൃഷി ചെയ്യുന്നതിന് ആവശ്യമായ വിത്തുകൾ കെ.എൽ.ഡി.ബി (കേരളാ ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ്) -യിൽ നിന്നും സംഭരിച്ച് സൗജന്യമായി കർഷകർക്ക് വിതരണം ചെയ്യുന്നു. 2015-16ൽ ആഫ്രിക്കൻ ടോൾ ഇനത്തിൽപ്പെട്ട ചോളം, മണിചോളം. സ്റ്റൈലോ, സാന്തസ്, കോംഗോ സിഗ്നൽ എന്നീയിനങ്ങളിലൂടെ 27,155 കിലോ വിത്തും 2016-17-ൽ 23990 കിലോ വിത്തും വിതരണം ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | പദ്ധതിയനുസരിച്ച് ക്ഷീരകർഷകർക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകുന്നത്;വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | 20 സെന്റിൽ കൂടുതൽ പുൽകൃഷി ചെയ്യുന്നവർക്ക് നടീൽവസ്തുക്കൾ ഉൾപ്പെടെ ഹെക്ടറിന് 20,000 രൂപ ധനസഹായം നൽകുന്നു. 20 സെന്റിൽ താഴെ കൃഷി ചെയ്യുന്നവർക്ക് സൗജന്യമായി പുൽക്കടകൾ ലഭ്യമാക്കുന്നുണ്ട്. കൂടാതെ ഹ്രസ്വവിളകളായ മക്കചോളം, വൻപയർ എന്നിവയുടെ വിത്തുകൾ സൗജന്യമായി കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. ക്ഷീരസംഘം മുഖേന കുറഞ്ഞത് 5 വനിതകൾ അടങ്ങിയ ഗ്രൂപ്പിന് ഗോപാലിക പദ്ധതി പ്രകാരം ഒരു ഏക്കർ പുൽകൃഷി ചെയ്യുന്നതിന് 75,000 രൂപ ധനസഹായം നൽകുന്നു. കൂടാതെ ചാഫ് കട്ടർ, ജലസേചനം ഏർപ്പെടുത്തൽ എന്നിവയ്ക്കും ധനസഹായം നൽകുന്നുണ്ട്. |

മിൽമയുടെ കീഴിലുള്ള തിരുവനന്തപുരം മേഖലാ യൂണിയൻ 2016-17 വർഷം 'പുൽകൃഷി സംരംഭക പദ്ധതി' എന്ന പേരിൽ മേഖലാ യൂണിയന്റെ നാലു ജില്ലകളിലായി ഒരു പദ്ധതി നടപ്പിലാക്കാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പുല്ലിന് കിലോഗ്രാമിന് 5 രൂപ വിൽപന വില നിശ്ചയിച്ച് 2 രൂപ യൂണിയൻ വിഹിതം നൽകാനാണ് ഉദ്ദേശിക്കുന്നത്.

എറണാകുളം മേഖലാ യൂണിയന്റെ 2016-17 വർഷത്തെ ബഡ്ജറ്റിൽ വാണിജ്യാടിസ്ഥാനത്തിലുള്ള തീറ്റപ്പുൽ കൃഷിയിലേയ്ക്ക് സ്വകാര്യ സംരംഭകരെ ആകർഷിക്കുന്നതിനും ഇത്തരം സംരംഭകരിൽ നിന്ന് അവർ ഉൽപാദിപ്പിക്കുന്ന പച്ചപ്പുല്ല് ആവശ്യക്കാരായ ക്ഷീരകർഷകർക്ക് എത്തിക്കുന്നതിനുമായി ഒരു ഫോഡർ ഗ്രിഡ് സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മലബാർ മേഖലാ യൂണിയൻ 25 സെന്റ് സ്ഥലത്ത് പുൽകൃഷി ചെയ്യുന്ന കർഷകർക്ക് നേരിട്ട് പരിശോധന നടത്തി കൃഷി ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തി 2500 രൂപ വീതം ധനസഹായം നൽകുന്നു.

പ്രതി വർഷം 750 കർഷകർക്ക് ഈ ആനുകൂല്യം നൽകിവരുന്നു. വ്യവസായികാടിസ്ഥാനത്തിൽ പുൽകൃഷി ചെയ്യുന്ന സംരംഭകർക്ക് പരമാവധി 1 ലക്ഷം രൂപ വരെ ധനസഹായം നല്കുന്നു. സംരംഭകൻ ഉൽപാദിപ്പിക്കുന്ന പച്ചപ്പുല്ല് 3.50 രൂപയ്ക്ക് വാങ്ങി കർഷകന് 2.50 രൂപയ്ക്ക് വിതരണം ചെയ്യുന്നു. തൽപരരായ കർഷകർക്ക് ആവശ്യമായ അത്യുൽപാദന ശേഷിയുള്ള 123.5 കിലോ പുൽവിത്ത് കിലോയ്ക്ക് 100 രൂപ സബ്സിഡി നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദമാക്കുമോ ? | (സി) 500 ലക്ഷം രൂപ. പദ്ധതികളെ സംബന്ധിച്ചുള്ള വിശദ വിവരം ചുവടെ ചേർക്കുന്നു.<br>1) തീറ്റപ്പുൽ കൃഷി – 338.325 ലക്ഷം<br>2) ഫോഡർ സെമിനാർ, ഫോഡർ ദിനാചരണം -4 ലക്ഷം<br>3) അസോള കൃഷി – 15 ലക്ഷം<br>4) ഡെയറി പ്രൊമോട്ടർ ഇൻസെന്റീവ് – 64.8 ലക്ഷം<br>5) ഇറിഗേഷൻ അസിസ്റ്റൻസ് – 8 ലക്ഷം<br>6) യന്ത്രവത്ക്കരണവും ആധുനിക വത്ക്കരണവും തീറ്റപ്പുൽ കൃഷിയും – 4 ലക്ഷം<br>7) ഫോഡർ വൃക്ഷവിള – 2.525 ലക്ഷം<br>8) വൻപയർ ചോളം കൃഷി – 14.75 ലക്ഷം<br>9) ഗോപാലിക ഗ്രൂപ്പ് – 17 ലക്ഷം<br>10) സ്റ്റേറ്റ് ഫോഡർ ഫാം അസിസ്റ്റൻസ് – 10 ലക്ഷം<br>11) ഫോഡർ കം അസോള നഴ്സറി – 3.6 ലക്ഷം<br>12) ഭരണപരമായ പ്രവർത്തനങ്ങൾ -18 ലക്ഷം<br>**ആകെ – 500 ലക്ഷം**<br><br>മിൽമയുടെ കീഴിലുള്ള തിരുവനന്തപുരം മേഖലാ യൂണിയൻ 2016-17 വർഷത്തെ ബഡ്ജറ്റിൽ തീറ്റപ്പുൽ കൃഷിക്കായി 1.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

എറണാകുളം മേഖലാ യൂണിയൻ 2016-17 വർഷത്തെ ബഡ്ജറ്റിൽ വാണിജ്യാടിസ്ഥാനത്തിലുള്ള തീറ്റപ്പുൽ കൃഷിയിലേക്ക് ഒരു ഫോഡർ ഗ്രിഡ് സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മലബാർ മേഖലാ യൂണിയൻ 2016-17 വർഷത്തെ ബഡ്ജറ്റിൽ തീറ്റപ്പുൽ കൃഷി പദ്ധതിക്കായി 82.70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.